കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 7633/11/12/2022/റ്റി.വി.എം.**

പരാതിക്കാരൻ : എസ്.ചന്ദ്രസേനൻ, ചന്ദ്ര നിവാസ്, കുളത്തൂർ മുടിപ്പുര, ഉച്ചക്കട.പി.ഒ, 695506, തിരുവനന്തപുരം.

എതിർകക്ഷി :

**ഉത്തരവ് തിയതി : 05-05-2025**

കുളത്തൂർ ഫണമുഖത്ത് ദേവി ക്ഷേത്രത്തിലെ ശൗചാലയത്തിൽ നിന്നുള്ള മലിനജലം പരാതിക്കാരൻെറ കിണർ വെള്ളം മലിനമാക്കുന്നുവെന്നുള്ള മുൻ എച്ച്.ആർ.എം.പി.നമ്പർ 1599/11/12/2022 എന്ന പരാതിയിൽ, കുളത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ച് പരിഹരിക്കണമെന്നുള്ള 01-09-2022-ലെ കമ്മീഷൻ ഉത്തരവ് നാളിതുവരെ പാലിച്ചിട്ടില്ലെന്നാരോപിച്ചാണ് ഈ പരാതി സമർപ്പിച്ചിരിക്കുന്നത്. പരാതിയിന്മേൽ കുളത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 27-6-2023-ലെ റിപ്പോർട്ട് പരിശോധിക്കുകയും ഹർജിക്കാരനെ കേൾക്കുകയുംചെയ്ത കമ്മീഷൻ പ്രശ്ന പരിഹാരത്തിനായി എടുത്ത തീരുമാനങ്ങളും സ്വീകരിച്ച നടപടികളും വിശദമാക്കിക്കൊണ്ട് സമഗ്രമായ ഓരോ റിപ്പോർട്ട് തിരുവനന്തപുരം പഞ്ചായത്ത് ജോയിൻറ് ഡയറക്ടറും, കുളത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും, പി.സി.ബി. തിരുവനന്തപുരം ജില്ലാ എൻവയൺമെൻറൽ എഞ്ചിനീയറും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറും ഈ ഉത്തരവിൻെറ പകർപ്പ് കിട്ടി ഒരു മാസത്തിനുള്ളിൽ പ്രത്യേകം പ്രത്യേകം കമ്മീഷനിൽ ഫയൽ ചെയ്യണമെന്ന് 4-10-2024 ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചുകൊണ്ട് കേസ് 7-2-2025 ലേക്ക് മാറ്റി.

2024 ഫെബ്രുവരി മാസത്തിലെ ഉത്സവത്തിന് ശേഷം പുതിയ സേപ്റ്റിക് ടാങ്ക് പണിതെന്നും യാതൊരു പോരായ്മകളും ഇല്ലെന്നും ക്ഷേത്ര അധികൃതർ പറഞ്ഞു. PVC tank ആണ് പണിതിരിക്കുന്നതെന്നും കോൺക്രീറ്റ് ടാങ്കാണ് പണിയേണ്ടിയിരുന്നതെന്നും ഹർജിക്കാരൻ പറഞ്ഞു. ടാങ്ക് പണിയണമെന്നല്ലാതെ ഏത് തരത്തിലുള്ള ടാങ്ക് പണിയണമെന്ന് ഓംബുഡ്സ്മാൻ നിർദ്ദേശിച്ചിരുന്നില്ലെന്ന് temple trust ബോധിപ്പിച്ചു. തുടർന്ന് 07-02-2025 ന് കമ്മീഷൻ താഴെ പറയുന്ന ഇടക്കാല ഉത്തരവ് പാസാക്കി:

"കുളത്തൂർ ഫണമുഖത്ത് ദേവിക്ഷേത്രത്തിലെ ശൗചാലയത്തിൽനിന്നുള്ള മലിനജലം പരാതിക്കാരന്റെ കിണർവെള്ളം മലിനമാക്കുന്നുവെന്നുള്ള മുൻ എച്ച്.ആർ.എം.പി.നമ്പർ 1599/11/12/2022 എന്ന പരാതിയിൽ, കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടിസ്വീകരിച്ച് പരിഹരിക്കണമെന്നുള്ള 01-09-2022 ലെ കമ്മീഷൻ ഉത്തരവ് നാളിതുവരെ പാലിച്ചിട്ടില്ലെന്നാരോപിച്ചാണ് ഈ പരാതി സമർപ്പിച്ചിരിക്കുന്നത്.

പരാതിയിന്മേൽ കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27-6-2023-ൽ ഫയൽ ചെയ്ത റിപ്പോർട്ട് പരിശോധിച്ചും പരാതികക്ഷിയെ നേരിൽ കേട്ടും കമ്മീഷൻ 04.10.2024 തീയതി ഒരു ഉത്തരവ് പാസ്സാക്കിയിരുന്നു. ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി 10 ദിവസത്തിനകം തിരുവനന്തപുരം പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, പരാതികാരൻ, ഫണമുഖത്ത് ദേവിക്ഷേത്രം ട്രസ്റ്റ് ഭാരവാഹികൾ, പഞ്ചായത്ത് പി.സി.ബി ആരോഗ്യവിഭാഗം അധികാരികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു സംയുക്ത സിറ്റിംഗ് വിളിച്ചുകൂട്ടി ഓംബുഡ്സ്മാന്റെ ഉത്തരവ് ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ക്ഷേത്രഭാരവാഹികൾ പാലിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രസ്തുത ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

ഇന്ന് നടന്ന കമ്മീഷൻ സിറ്റിംഗിൽ ഹർജികക്ഷി ഹാജരായി. കമ്മീഷൻ 04.10.2024 തീയതി പാസ്സാക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർക്ക് വേണ്ടി ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ ഷാജി, കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ ഹാജരായി 05.02.2025 തീയതിയിലെ റിപ്പോർട്ടുകൾ സമർപ്പിച്ചു. കമ്മീഷന്റെ നിർദ്ദേശ പ്രകാരം 03.02.2025 തീയതി സംയുക്ത പരിശോധന നടത്തിയതായും, പരിശോധനയിൽ ഓംബുഡ്സ്മാൻ നിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ള സെപ്ടിക് ടാങ്കും, സോക്ക് പിറ്റും പരാതിക്കാരന്റെ കിണറിൽ നിന്നും 27 മീറ്റർ അകലെയായി സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതായും പി.വി.സി ടാങ്ക് കോൺക്രീറ്റ് അറയ്ക്കുള്ളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, നിലവിലെ അവസ്ഥയിൽ പരാതിക്കാരന്റെ കിണർവെള്ളം മലിനപ്പെടാനുള്ള സാഹചര്യം പൂർണ്ണമായും ഒഴിവായിട്ടുണ്ടെന്നും, പരാതിക്കാരന്റെ കിണർ ജലം വീണ്ടും പരിശോധനയ്ക്കായി ശേഖരിച്ച് പരിശോധിച്ചതിൽ നിന്നും തൃപ്തികരമാണെന്ന റിപ്പോർട്ട് ലഭിച്ചിട്ടുള്ളതായും ഹാജരായ ഉദ്യോഗസ്ഥർ കമ്മീഷനെ അറിയിച്ചു.

മനുഷ്യാവകാശ കമ്മീഷന്റെയും ഓബുഡ്സ്മാന്റെയും ഉത്തരവുകൾ പ്രകാരം നിലവിലുള്ള പരാതികൾ പരിഹരിച്ചിട്ടുള്ളതായി ഹാജരായ ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

എന്നാൽ പി.വി.സി ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഓംബുഡ്സ്മാൻ ഉത്തരവിൽ കോൺക്രീറ്റ് ടാങ്ക് സ്ഥാപിക്കണമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും ആയത് ക്ഷേത്ര ഭാരവാഹികൾ പാലിച്ചിട്ടില്ലായെന്നും കൂടാതെ ഉത്സവ സമയത്ത് നിലവിലുള്ള ടാങ്കിൽ നിന്നും ഓവർഫ്ലോ ചെയ്ത് മലിനജലം കിണറിലേയ്ക്ക് ഒലിച്ചിറങ്ങുമെന്നും പരാതികക്ഷി പറയുകയുണ്ടായി.

കമ്മീഷൻ കേസ് പരിശോധിക്കുകയും കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്തു. ക്ഷേത്രത്തിലെ ശുചി മുറി മാലിന്യം സംസ്കരിക്കുന്നതിനായി കോൺക്രീറ്റ് സെപ്റ്റിക് ടാങ്ക് നിർമ്മിക്കണമെന്ന നിർദ്ദേശം ഓംബുഡ്സ്മാൻ നൽകിയിട്ടുള്ളതായി പരാതികക്ഷി

പറയുന്നുണ്ടെങ്കിലും, പരാതികക്ഷി ഹാജരാക്കിയ 30.06.2023 തീയതിയിലെ ഓംബുഡ്സ്മാൻ ഉത്തരവ് പരിശോധിച്ചതിൽ *നിന്നും* കോൺക്രീറ്റ് സെപ്റ്റിക് ടാങ്ക് തന്നെ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നില്ല. നിലവിൽ പരാതികക്ഷിയുടെ കിണർവെള്ളം മലിനപ്പെട്ടിട്ടില്ലായെന്നും എന്നാൽ ഫെബ്രുവരി 23 തീയതി മുതൽ മാർച്ച് 4 വരെ നടക്കുന്ന ഉത്സവസമയത്ത് ശൗചാലയം ഉപയോഗിക്കുന്ന വരുടെ എണ്ണം വളരെകൂടുതലാണെന്നും അപ്പോൾ സെപ്റ്റിക് ടാങ്ക് ഓവർഫ്ലോ ചെയ്ത് മലിനജലം കിണറ്റിലേയ്ക്ക് ഒലിച്ച് ഇറങ്ങുമെന്നും കഴിഞ്ഞ വർഷത്തെ ഉത്സവകാലയളവിൽ ഇതുപോലെ സംഭവിച്ചിട്ടുണ്ടെന്നും പരാതികക്ഷി പറയുന്നു. പരാതികക്ഷിയുടെ ഈ ആവലാതി പരിശോധിക്കേണ്ടതാണെന്ന് കമ്മീഷൻ കരുതുന്നു.

ആയതിനാൽ ഉത്സവ ദിവസങ്ങളിൽ രണ്ടു ദിവസത്തിൽ ഒരിക്കൽ ഡി.എം.ഒ യുടെ പ്രതിനിധിയും പഞ്ചായത്ത് സെക്രട്ടറിയും സ്ഥല പരിശോധന നടത്തേണ്ടതും ഹർജിക്കാരൻ ആരോപിക്കുന്നതുപോലെ നിലവിലുള്ള ടാങ്കിൽ നിന്നും ഓവർ ഫ്ലോ ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിച്ച് ഒരു റിപ്പോർട്ട് മാർച്ച് 15 നുള്ളിൽ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ക്ഷേത്ര ഉത്സവം കഴിഞ്ഞതിനുശേഷം 2025 മാർച്ച് 5, 6 തീയതികളിൽ ഏതെങ്കിലും ഒരു ദിവസം തിരുവനന്തപുരം പഞ്ചായത്ത് ജോയിൻറ് ഡയറക്ടർ, ഫണമുഖത്ത് ദേവിക്ഷേത്രം ട്രസ്റ്റ് ഭാരവാഹികൾ, പഞ്ചായത്ത്, പി.സി.ബി ആരോഗ്യവിഭാഗം അധികാരികൾ എന്നിവരുടെ സംയുക്ത പരിശോധന നടത്തി സമഗ്രമായ ഒരു റിപ്പോർട്ടും കമ്മീഷൻ ഓഫീസിൽ മാർച്ച് 15 തീയതിക്കുള്ളിൽ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ മാർച്ച് 10 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ മൂന്ന് ദിവസത്തിലൊരിക്കൽ പരിശോധന നടത്തി ആയതു സംബന്ധിച്ച ഒരു റിപ്പോർട്ടും കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.പരിശോധനാവേളയിൽ പരാതികക്ഷിയുടെ സാന്നിദ്ധ്യവും ഉറപ്പുവരുത്തേണ്ടതാണ്.

കേസ് 2025 മെയ് മാസത്തെ കമ്മീഷൻ സിറ്റിംഗിൽ പരിഗണനക്കെടുക്കുന്നതാണ്''.

പ്രസ്തുത ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് LSGD Joint Director 15/3/2025 ലെയും പഞ്ചായത്ത് സെക്രട്ടറി 1-4-2025 തീയതിയിലെയും DMO 2-5-2025 തീയതിയിലെയും മലിനീകരണ നിയന്ത്രണ ബോർഡ് 3/5/2025 തീയതിയിലെയും റിപ്പോർട്ട് സമർപ്പിച്ചു. കേസ് പരിഗണിച്ച സമയം ഹർജിക്കാരനും LSGD Joint Director നെ പ്രതിനിധീകരിച്ച് അസിസ്റ്റൻറ് ഡയറക്ടറും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും Pollution Control Board Environmental Engineer റെ പ്രതിനിധീകരിച്ച് Assistant Engineer നേരിട്ട് ഹാജരായി. Temple Trust ന്റെ പ്രതിനിധികളാരും വന്നിട്ടില്ല.

ഉത്സവ സമയത്തോ സംയുക്ത സ്ഥല പരിശോധനാ വേളയിലോ മാലിന്യ പ്രശ്നങ്ങൾ ഒന്നും കണ്ടെത്തിയില്ലെന്ന് കുളത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രശ്നങ്ങൾ പരിഹരിച്ചതായി ഹർജിക്കാരൻ എഴുതി അറിയിച്ചതായും

LSGD ജോയിൻറ് ഡയറക്ടറുടെ 15-3-2025 തിയതിയിലെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. വിശദമായ സംയുക്ത സ്ഥല പരിശോധനക്കു ശേഷം തൻെറ പരാതി പരിഹരിച്ചതായി ഹർജിക്കാരൻ എഴുതി നൽകിയെന്ന് കുളത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ മേൽ റിപ്പോർട്ടിൽ പറയുന്നു. സംയുക്ത സ്ഥല പരിശോധനാ സമയം ഹർജിക്കാരൻെറ കിണറിൽ നിന്നും ശേഖരിച്ച ജലസാമ്പിൾ ഗുണ നിലവാര പരിശോധനക്കായി ബോർഡിൻെറ ലബോറട്ടറിക്ക് കൈമാറിയിട്ടുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡിൻെറ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. പരാതി പരിഹരിച്ചുവെന്ന് ഹർജിക്കാരൻ അറിയിച്ചതായി DMO യുടെ റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു.

മേൽപ്പറഞ്ഞ റിപ്പോർട്ടുകളുടെ പകർപ്പുകൾ ഹർജിക്കാരന് അയച്ചു കൊടുത്തിരുന്നെങ്കിലും റിപ്പോർട്ടുകൾക്കെതിരെ ടിയാൻ രേഖാമൂലം യാതൊരു ആക്ഷേപവും സമർപ്പിച്ചിരുന്നില്ല. സെപ്റ്റിക് ടാങ്ക് സംബന്ധിച്ച് യാതൊരു പരാതിയും ഉന്നയിച്ചിട്ടുമില്ല. എന്നാൽ ഇപ്പോൾ ഹർജിക്കാരൻ പുതിയൊരു ആരോപണം ഉന്നയിച്ചിരിക്കുകയാണ്. ഹർജിക്കാരൻ മേൽപ്പറഞ്ഞ പരാതി നൽകിയതിന്റെ വൈരാഗ്യത്തിൽ ക്ഷേത്രഭാര വാഹികൾ രാവിലെ 4.30 മുതൽ 11 മണി വരെ ക്ഷേത്രത്തിൽ കോളാമ്പി മൈക്ക് വെച്ച് ശബ്ദമലിനീകരണം ഉണ്ടാക്കി ഹർജിക്കാരനെ ബുദ്ധിമുട്ടിക്കുന്നു എന്നാണ് പുതിയ പരാതി. തനിക്ക് 63 വയസ്സ് ഉണ്ടെന്നും ഹൃദ്രോഗ ബാധിതയായ തന്റെ ഭാര്യ ക്ഷേത്രത്തിൽ നിന്നുള്ള ശബ്ദ ശല്യം മൂലം വളരെയധികം ബുദ്ധിമുട്ടുകയും അകാലത്തിൽ മരണപ്പെടുകയും ചെയ്തെന്നും ടിയാൻ ആരോപിച്ചു. ഇത്തരം ഒരു പരാതി ഹർജിക്കാരൻ കമ്മീഷന് സമർപ്പിച്ചിരുന്ന ഹർജിയിൽ ഉന്നയിച്ചിരുന്നില്ല.

ശബ്ദ മലിനീകരണം സംബന്ധിച്ച് ഇപ്പോഴും പരാതിയുണ്ടെങ്കിൽ ഹർജിക്കാരൻ വിശദമായ പരാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുക. അതിന്റെ പകർപ്പ് ബന്ധപ്പെട്ട എസ് എച്ച് ഒ ക്കും ഡിവൈഎസ്പി ക്കും കൊടുക്കണം. ഹർജിക്കാരനിൽ നിന്നും പരാതി ലഭിച്ചാൽ കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹർജിക്കാരനും ക്ഷേത്ര ഭാരവാഹികളും ബന്ധപ്പെട്ട എസ് എച്ച് ഒ യും മലിനീകരണ നിയന്ത്രണ ബോർഡ് അസിസ്റ്റന്റ് എൻജിനീയറും ഉൾപ്പെടുന്ന ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി, എസ് എച്ച് ഒ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിൽ നിന്നുമുള്ള അഭിപ്രായങ്ങളും ലഭ്യമാക്കി ശബ്ദ മലിനീകരണ നിയന്ത്രണം സംബന്ധിച്ച് PCB യുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ക്ഷേത്രത്തിൽ ഉച്ചഭാഷിണികളോ കോളാമ്പിയോ സ്പീക്കറോ ബോക്സുകളോ പ്രവർത്തിപ്പിക്കാൻ പാടുള്ളു എന്ന് കർശന നിർദേശം രേഖാമൂലം ക്ഷേത്ര ഭാരവാഹികൾക്ക് കൊടുക്കണം. അപ്രകാരം പഞ്ചായത്ത് സെക്രട്ടറി കൊടുക്കുന്ന നിർദ്ദേശങ്ങൾ ക്ഷേത്രം അധികൃതർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും എസ് എച് ഒ യും ഉറപ്പുവരുത്തണം. ശബ്ദ മലിനീകരണ നിയന്ത്രണം സംബന്ധിച്ച്

പഞ്ചായത്ത് സെക്രട്ടറി കൊടുക്കുന്ന നിർദ്ദേശങ്ങൾ ക്ഷേത്ര ഭാരവാഹികൾ ലംഘിക്കുന്നതായി കണ്ടാൽ കർശന നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡിവൈഎസ്പിക്ക് ഈ ഉത്തരവിന്റെ പകർപ്പ് സഹിതം പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകണം. അപ്രകാരം കത്ത് ലഭിച്ചാൽ ഡിവൈഎസ്പി അതിനുമേൽ നിയമാനുസരണം ഉള്ള നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കണം. പ്രശ്നപരിഹാരത്തിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെയോ ജില്ലാ മജിസ്ട്രേറ്റിന്റെയോ ഇടപെടൽ ആവശ്യമുണ്ടെന്ന് കണ്ടാൽ അതിനുള്ള നടപടികളും സ്വീകരിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. ഹർജിക്കാരനും കുളത്തൂർ ഫണമുഖത്ത് ദേവി ട്രസ്റ്റ് ക്ഷേത്രം പ്രസിഡണ്ടിനും കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം ജില്ല എൻവയോൺമെന്റൽ എൻജിനീയർക്കും ഈ ഉത്തരവിന്റെ പകർപ്പയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ